പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1188

13/12/2012-ൽ മറുപടി
നൽകേണ്ടത്

## ഭൂ സംരക്ഷണ സേന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.പി. എ. മാധവൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂ സംരക്ഷണ സേന രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ തടയുക, ഒഴിപ്പിച്ചെടുത്ത സർക്കാർ ഭൂമി സംരക്ഷിക്കുക എന്നിവയാണ് ഈ സേന മുഖേന പ്രാവർത്തികമാക്കാൻ ലക്ഷ്യമിടുന്നത്. |
| (സി) സേനയിലെ അംഗങ്ങൾ ആരെല്ലാമാണ്; | (സി) സായുധ സേനയിൽ നിന്നും വിരമിച്ച പതിനഞ്ച് വിമുക്ത ഭടൻമാരെയാണ് ആദ്യ ഘട്ടമെന്ന നിലയിൽ പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിലേക്ക് നിയമിച്ചത്. ഇതിൽ രണ്ടുപേർ ഇതിനകം പിരിഞ്ഞു പോയിട്ടുള്ളതാണ്. നിലവിൽ 13 പേർ ജോലി ചെയ്തു വരുന്നു. അംഗങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1. വിജയകുമാർ<br>2. മോഹൻദാസ് കെ.എൻ<br>3. രാജ്കുമാർ.ടി.പി<br>4. രാജേഷ് എം.എസ്<br>5. രാജിമോൻ.പി.കെ<br>6. ചാക്കോ.ടി.സി<br>7. സിബി സെബാസ്റ്റ്യൻ<br>8. ലിസ്സൺ.സി.കെ<br>9. നടരാജൻ.വി.റ്റി<br>10. അനിൽ കുമാർ.കെ.ആർ<br>11. ബിനു.സി.സി<br>12. ശശികുമാർ.പി<br>13. സ്റ്റാൻലി ജോസഫ് |
| (ഡി)എവിടെയെല്ലാമാണ് പ്രസ്തുത സേനയുടെപ്രവർത്തനം പ്രയോജനപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്നറിയിക്കുമോ ? | (ഡി) ആദ്യഘട്ടമെന്ന നിലയിൽ ഇടുക്കി ജില്ലയിലെ ദേവികുളം, പീരുമേട്, ഉടുമ്പൻചോല എന്നീ താലൂക്കുകളിലാണ് സേനയെ നിയമിച്ചിട്ടുള്ളത്. ഫോഴ്സിന്റെ പ്രവർത്തനം വളരെയധികം പ്രയോജനകരമാണെന്ന് തെളിയുന്ന പക്ഷം മറ്റ് ജില്ലകളിലേക്കും ഫോഴ്സിന്റെ സേവനം വ്യാപിപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ